## ശ്ലീഹാക്കാലം മൂന്നാം ഞായർ

**ലൂക്കാ 10:25-37**

# നല്ല അയൽക്കാരനാകുക

**റവ.ഫാ. ജിത് പള്ളിപ്പാട്ട്**

ജീവിതം ഒരു യാത്രയാണ്. സ്വർഗത്തിലേക്കുള്ള ഒരു തീർത്ഥാടനം. ഈ തീർത്ഥാടനത്തിൽ നാം ഒത്തിരിയേറെ പേരെ കണ്ടുമുട്ടുന്നു. നാം കണ്ടുമുട്ടിയ പലരുടെയും വലിയ സ്നേഹത്തിന്റെയും കരുതലിന്റെയും പ്രതിഫലനമാണ് നമ്മുടെ ഇന്നത്തെ സന്തോഷകരമായ ജീവിതം. ഈ കരുതലും സ്നേഹവും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, ഓരോരുത്തരും അവനവന്റെ സുഖങ്ങളിലേക്കും സ്വാർത്ഥതാത്പര്യങ്ങളിലേക്കും ചുരുങ്ങുമ്പോൾ ഈ സ്നേഹവും കരുതലും അന്യമാവുകയാണ്. അതുകൊണ്ടാണ് എല്ലാ മനുഷ്യരും നല്ല അയൽക്കാരനെ തേടി യാത്രയാകുന്നത്. ഇവിടെ നിയമജ്ഞനും ചോദിക്കുന്നത് അതുതന്നെയാണ്, ആരാണ് എന്റെ അയൽക്കാരൻ?

ആരാണ് എന്റെ അയൽക്കാരൻ എന്ന ചോദ്യത്തെക്കാൾ ഉപരിയായി ഞാൻ എന്നോടുതന്നെ ചോദിക്കേണ്ട ചോദ്യം എനിക്ക് എങ്ങനെ നല്ല അയൽക്കാരനാകാൻ കഴിയും? എന്നുള്ളതാണ്. മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ. ഇതാണ് നിയമവും പ്രവാചകന്മാരും (മത്താ 7:12). ഒരു നല്ല അയൽക്കാരന് വേണ്ട സവിശേഷതകൾ ഏതെല്ലാമാണെന്ന് ഈ ഉപമ നമുക്കു പറഞ്ഞുതരുന്നുണ്ട്.

1) **സ്വാർത്ഥതയെ വെടിഞ്ഞ് അപരന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവനാകണം:** ഈ ഉപമയിൽ പുരോഹിതനും ലേവായനും സ്വന്തം കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നല്കിയത്. ഒരുവൻ മരണത്തോട് മല്ലിട്ട് കിടക്കുമ്പോഴും തിരിഞ്ഞുനോക്കാതെ കടന്നുപോകുന്നവർ പലപ്പോഴും നമ്മുടെ പ്രതിരൂപങ്ങളാണ്. പലപ്പോഴും നമ്മളും ആ ഗണത്തിൽപ്പെടുന്നവരാണ്. ഒരു കൈ താങ്ങാകാൻ ആരും ഇല്ലാത്തതിന്റെ പേരിൽ ജീവിതം ദുരിതത്തിലായ ഒരു പക്ഷേ, ജീവിതം തന്നെ നഷ്ടമായ ഒത്തിരിയേറെ സാഹചര്യങ്ങളുണ്ട്. ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് കാരുണ്യത്തോടെയും സ്നേഹത്തോടെയുമുള്ള എന്റെ സമീപനമാണ്. എന്റെ സന്തോഷങ്ങളും ഞാൻ ചെയ്യേണ്ട ഉത്തരവാദിത്വങ്ങളുടെ പൂർത്തീകരണവും പ്രധാനപ്പെട്ടതാണ്. എന്നാൽ, അതിനെക്കാൾ പ്രധാനപ്പെട്ടത്, ആപത്തിൽപ്പെട്ട എന്റെ സഹോദരനോടുള്ള കാരുണ്യമാണ്. വില്ലേജ് ഓഫീസറായ ഒരു വ്യക്തി തനിക്ക് ശമ്പളം കിട്ടുന്ന ദിവസം ഭാര്യയും മക്കളുമൊത്ത് ഷോപ്പിങ്ങിനും, മറ്റ് വിനോദത്തിനും പോകാൻ തീരുമാനിച്ചു. ശമ്പളം കിട്ടുന്ന ദിവസം നേരത്തെ ഓഫീസിൽ നിന്ന് ഇറങ്ങാനും അദ്ദേഹം തീരുമാനിച്ചു. അന്നു രാവിലെ ഒരു വീടും പറമ്പും ജപ്തി ചെയ്യാനുള്ള നടപടി ക്രമങ്ങളുമായി ഒരു സാധുവിന്റെ ഭവനത്തിലേക്ക് ചെന്നു. അവരുടെ ദയനീയാവസ്ഥ അദ്ദേഹത്തെ ഈറനണിയിച്ചു. കാരണം, വളരെ പാവപ്പെട്ട കുടുംബമായിരുന്നു അത്. ഷോപ്പിങ്ങിനും വിനോദത്തിനുമായി താൻ മാറ്റിവച്ച തുക രഹസ്യമായി ആ വീട്ടുടമസ്ഥനെ വിളിച്ച് കൊടുത്തിട്ടു പറഞ്ഞു. തത്കാലം ജപ്തി നടപടികളിൽ നിന്ന് രക്ഷപ്പെടുക. ഇതുപോലെ അലിവുള്ള ഹൃദയമാണ് ഒരു നല്ല അയൽക്കാരന് വേണ്ടത്.

2) **സ്വയം നഷ്ടപ്പെടുത്താനുള്ള മനസ്സ്:** ഈ ഉപമയിൽ സമരിയാക്കാരൻ അവന്റെ സമയവും സമ്പത്തും നഷ്ടപ്പെടുത്തിയിട്ടാണ് ഒരു പരിചയവുമില്ലാത്ത ഒരുവന്റെ ജീവൻ രക്ഷിക്കുന്നത്. നഷ്ടപ്പെടുത്താൻ തയ്യാറാകുമ്പോഴാണ് നല്ല ബന്ധങ്ങൾ ഉണ്ടാവുക. നമുക്ക് മറ്റൊരാളോടുള്ള സ്നേഹബന്ധത്തിന്റെ ആഴം അളക്കേണ്ടത് അവരിൽ നിന്ന് നമുക്ക് എന്തെല്ലാം ലഭിച്ചു എന്നതിന്റെ വെളിച്ചത്തിലല്ല. മറിച്ച്, നാം അവർക്കുവേണ്ടി എത്രമാത്രം നഷ്ടപ്പെടുത്തി എന്നതിന്റെ വെളിച്ചത്തിലാണ്. നമുക്ക് ഇഷ്ടമില്ലാത്ത പലതും മറ്റുള്ളവർക്കുവേണ്ടി ഏറ്റെടുക്കാനും നമുക്ക് ഇഷ്ടമുള്ള പലതിനെയും മറ്റുള്ളവർക്കുവേണ്ടി നഷ്ടപ്പെടുത്താനും തയ്യാറാകുമ്പോൾ നാം നല്ല അയൽക്കാരായി

മാറുകയാണ്.

ഈ ഭൂമിയിലെ നമ്മുടെ യാത്രയിൽ നമുക്ക് ഒറ്റയ്ക്ക് ജീവിക്കാൻ സാധിക്കില്ല. കുടുംബം, സമൂഹം, ഓരോ ദിവസവും കണ്ടുമുട്ടുന്ന വ്യക്തികൾ... ഇവരോടൊക്കെ സ്നേഹത്തിലും കരുണയിലും ജീവിക്കുമ്പോഴാണ് നല്ല അയൽക്കാരനായി ജീവിക്കുവാൻ സാധിക്കുകയുള്ളൂ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല (1 യോഹ 4:20). അയൽക്കാരനിൽ നിന്ന് നല്ല അയൽക്കാരനിലേക്കുള്ള ദൂരം മനസ്സിലാക്കിക്കൊണ്ട് ജീവിതത്തെ ക്രമപ്പെടുത്താൻ ദൈവം നമുക്ക് കൃപ നല്കട്ടെ.